പാലം, കുറുങ്ങോട്ടുകടവ് പാലം, ഇടവഴിക്കടവ് പാലം, മന്തലക്കടവ് പാലം തുടങ്ങിയുള്ള പാലങ്ങൾക്കുവേണ്ടിയുള്ള നീക്കങ്ങളെല്ലാംതന്നെ ഉണ്ടായിരുന്നെങ്കിലും അതിനുശേഷം മറ്റുള്ള പ്രവർത്തനങ്ങളൊന്നുമുണ്ടായിട്ടില്ല. ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ.കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ചെറുവറക്കടവ് പാലം മല്ലിശ്ശേരിത്താഴം ചെറുവറക്കടവ് എം.എൽ.എ. റോഡിലാണ്. ഈ റോഡിന് 7.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകിക്കഴിഞ്ഞു. പാലത്തിന്റെ പണിക്കു 46.28 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പാലം പണി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാത്തതുകൊണ്ട് ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി അനുമതി നല്കാനുള്ള നടപടികളും എടുത്തുവരികയാണ്. പണ്ടാറക്കടവ് പാലം പണിയേണ്ടത് കോഴിക്കോട് വൈത്തിരി ഗൂഡല്ലൂർ റോഡിൽനിന്ന് ആരംഭിച്ച് പണ്ടാറക്കടവ് വരെയുള്ള റോഡിലാണ്. ആ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ നിർദ്ദേശം പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരികയാണ്. കുറുങ്ങോട്ട് കടവ് പാലം നിർമ്മിക്കേണ്ടത് കൊടുവള്ളി ആർ. ഇ.സി. റോഡിലാണ്. കൊടുവള്ളി നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡായ ആ റോഡിന്റെ പണിക്ക് 13.58 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ അലൈൻമെന്റ് അംഗീകരിച്ചു കഴിഞ്ഞു. ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കാനുള്ള പ്രാരംഭ നടപടികളും എടുത്തുവരികയാണ്. ഈ പാലത്തിന് 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമേ ഈ കൊല്ലത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളൂ. ഇടവഴിക്കടവ് പാലം നിർമ്മിക്കേണ്ടത് മാവൂർ പന്നിക്കോട് റോഡിലാണ്. ഈ റോഡ് പൊതുമരാമത്തു വകുപ്പ് ഏറ്റെടുക്കാൻ പോവുകയാണ്. 1983-ലെ കണക്കനുസരിച്ച് ഈ പാലം പണിക്ക് അറുപതു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള നിയമമനുസരിച്ച് ഈ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു കഴിഞ്ഞതിനുശേഷം പാലത്തിന്റെ പണി ഏറ്റെടുക്കുന്ന കാര്യം ആലോചിക്കുന്നതാണ്. മന്തലക്കടവ് പാലത്തിനു ഏകദേശം 103 ലക്ഷം രൂപ ചെലവു വരും. ഇവിടെ ഒരു ബ്രിഡ്ജ്-കം-റഗുലേറ്റർ നിർമ്മിക്കാനുള്ള നിർദ്ദേശം ഇറിഗേഷൻ വകുപ്പിന്റെ ആലോചനയിലുണ്ട്. ഇതിനെ സംബന്ധിച്ച് അന്തിമമായ ഒരു തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല.

(3) എ. ഐ. വൈ. എഫിന്റെ പൊതുയോഗത്തിനു നേരെയുള്ള കടന്നാക്രമണം

ശ്രീ. വി. കെ. രാജൻ: സർ, ഞാൻ വളരെ ഗൗരവമുള്ള ഒരു കാര്യമാണ് അവതരിപ്പിക്കുന്നത്. അഭിപ്രായ സ്വാതന്ത്ര്യവും പൗരസ്വാതന്ത്ര്യവും ഈ നാട്ടിൽ നിഷേധിക്കപ്പെടുന്ന കാര്യമാണ്. അഖിലേന്ത്യാ യുവജന ഫെഡറേഷന്റെ മാള മണ്ഡലം ജാഥയെ സ്വീകരിക്കുന്നതിന് മാളയിൽ നടത്തിയ ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചു കൊണ്ടു നിന്ന കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സ്റ്റേറ്റ് കൗൺസിൽ അംഗവും തൃശ്ശൂർ ജില്ലാ കൗൺസിൽ അസിസ്റ്റന്റ് സെക്രട്ടറിയുമായ സഖാവ് കൃഷ്ണൻ കണിയാംപറമ്പിൽ എന്ന ആളെ ഒരു കൂട്ടം കോൺഗ്രസ്സ് (ഐ) ക്കാരും വർഗ്ഗീയ വാദികളും ചേർന്ന് കഴിഞ്ഞ 15-ാം തീയതി കടന്നാക്രമണം നടത്തുകയുണ്ടായി. പൊതുയോഗം കലക്കാനും പ്രാസംഗികനെ കയ്യേറ്റം ചെയ്യാനും

LIBRARY ARCHIVES Kerala Legislative Assembly

സംഘടിതമായ ഒരു ശ്രമമാണ് നടന്നത്. അത് മുഖ്യമന്ത്രിയുടെ മണ്ഡലത്തിലാണ്. ഇന്നത്തെ രാഷ്ട്രീയ സ്ഥിതിഗതികളെ വിശദീകരിക്കുന്നതിനിടയിൽ കേരള സർക്കാർ മത മൗലിക വാദികളുടെ സമ്മർദ്ദത്തിനു വഴങ്ങുന്നതിനെപ്പറ്റി പറയാൻ തുടങ്ങുമ്പോഴാണ് മുൻകൂട്ടി ആസൂത്രണം ചെയ്ത കടന്നാക്രമണമുണ്ടായത്. പോലീസ് ഇടപെട്ട് പ്രാസംഗികനെ കസ്റ്റഡിയിലെടുക്കുകയും യോഗം അലങ്കോലപ്പെടുത്തുകയും ചെയ്തു. മാളനിയോജകമണ്ഡലത്തിൽ കോൺഗ്രസ് (ഐ) ക്കാരുടെ നേതൃത്വത്തിൽ നടന്ന ഈ സംഭവം സംഘടിതമായ ഗൂഢാലോചനയുടെ ഭാഗമാണെന്ന് വ്യക്തമാണ്. പൗരസ്വാതന്ത്ര്യത്തിനെതിരായ ഈ നടപടിയെപ്പറ്റി മുഖ്യമന്ത്രിയ്ക്ക് എന്താണ് പറയാനുള്ളതെന്ന് അറിഞ്ഞാൽ കൊള്ളാം. തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന കാലഘട്ടത്തിൽ സ്വതന്ത്രമായ അഭിപ്രായ പ്രകടനത്തിനെതിരെ കയ്യോറത്തിനാണ് ഭാവമെങ്കിൽ അത് ഗുരുതരമായ പ്രത്യാഘാതത്തിനിടയാകുമെന്ന് മുന്നറിയിപ്പു നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. അന്നേ ദിവസം ഞങ്ങളുടെ യോഗം കലക്കിയെങ്കിലും 21-ാം തീയതി ഇതിനെതിരായി ഞങ്ങൾ ഒരു യോഗം വച്ചിരിക്കുകയാണ്. ധൈര്യമുണ്ടെങ്കിൽ മുഖ്യമന്ത്രിയോ മുഖ്യമന്ത്രിയുടെ പാർട്ടിക്കാരോ വരട്ടെ, ഞാൻ വെല്ലുവിളി നടത്താൻ ആഗ്രഹിക്കുകയാണ്. ഇതിനെതിരായി അന്വേഷണം നടത്തണം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, എ. ഐ. വൈ എഫിന്റെ സെക്രട്ടേറിയറ്റ് മാർച്ചിന്റെ സമാപനം കുറിച്ചുകൊണ്ട് മാളടൗണിൽ പ്രകടനവും പൊതുയോഗവും 15-1-1986-ന് വൈകുന്നേരമുണ്ടായിരുന്നു. പൊതുയോഗത്തിൽ അന്നമട പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. കെ. വി. വസന്തകുമാർ ആയിരുന്നു അദ്ധ്യക്ഷൻ. ഒരു പ്രാസംഗികനായ കൃഷ്ണൻ കണിയാംപറമ്പിൽ പ്രസംഗിച്ച കൂട്ടത്തിൽ "കൃസ്തുവിന്റെ ആറാം തീരുമുറിവ്" എന്ന നാടകം നിരോധിച്ചത് ശരിയായില്ലായെന്നും മറ്റും വിമർശിച്ച് സംസാരിക്കാൻ തുടങ്ങി. ഇത് കേട്ട് ഉദ്ദേശം ഇരുനൂറ്റി അൻപതോളം ക്രിസ്തീയ മതവിഭാഗത്തിൽപ്പെട്ട ആളുകൾ കൂടുകയും യോഗം അലങ്കോലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. യോഗത്തിൽ ബഹളം നടക്കുന്നതായി അറിഞ്ഞ് മാള എ. എസ്. ഐ. യും പാർട്ടിയും സ്ഥലത്ത് എത്തുകയും ക്രിസ്ത്യാനികളെ പറഞ്ഞ് സമാധാനപ്പെടുത്തുകയും കൃഷ്ണനെ സ്റ്റേഷനിൽ കൂട്ടിക്കൊണ്ടു വരികയും ചെയ്തു. കൃഷ്ണൻ സ്വമേധയാ സ്റ്റേഷനിൽ പോലീസിന്റെ കൂടെ വന്നു എന്നാണ് അറിയുന്നത്. കൃഷ്ണനെ പോലീസ് കൂട്ടിക്കൊണ്ടു വന്നതോടെ യോഗം പിരിച്ചു വിടുകയും എല്ലാവരും സമാധാനപരമായി പിരിഞ്ഞു പോകുകയും ചെയ്തു. യോഗത്തിൽ സമാധാനലംഘനം ഉണ്ടായിരിക്കുന്നതായി അറിഞ്ഞ് കൃഷ്ണന്റെ രക്ഷയ്ക്കുവേണ്ടിയാണ് കൃഷ്ണനെ സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുപോയത്. എട്ടു മണിയോടുകൂടി മറ്റു സി. പി. ഐ. പ്രവർത്തകർ വന്ന് അദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോവുകയുണ്ടായി.

(4) ചടയമംഗലം നിയോജകമണ്ഡലത്തിലെ പി. ഡബ്ലിയു. ഡി. റോഡുകളുടെ പണിയിലുള്ള സ്തംഭനാവസ്ഥ

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട രണ്ടു മൂന്നു പ്രധാനപ്പെട്ട പി. ഡബ്ലി. യു. ഡി. റോഡുകളുടെ പണി കഴിഞ്ഞ് രണ്ടു വർഷമായി സ്തംഭനത്തിലാണ്. വയല-മഞ്ഞപ്പാറ, വയല-കുറ്റിക്കാട്, ഓയൂർ വാപ്പാല എന്നീ മൂന്നു പ്രധാന റോഡുകളുടെ പണി കഴിഞ്ഞ രണ്ടു വർഷമായി സ്തംഭനത്തിലാണ്. ഈ റോഡുകളുടെ പണ

LIBRARY ARCHIVES Kerala Legislative Assembly